II.ഇ.ബി. XII--കേരള നിയമസഭ/V-21

**പന്ത്രണ്ടാം കേരള നിയമസഭ**

അഞ്ചാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 ജൂലൈ **25,** ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

159 (*691) മൃഗശാലയിലെ അണുബാധ

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി) നൽകിയ മറുപടിയിൽ അണുബാധമൂലം തിരുവനന്തപുരം മൃഗ ശാലയിൽ മൃഗങ്ങൾ ചാവുന്നതുമായി ബന്ധപ്പെട്ട് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സംഘം യോഗം ചേർന്ന് മറ്റുള്ള മൃഗങ്ങൾക്ക് രോഗം പകരാതിരിക്കുവാനുള്ള ശുപാർശകൾ നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. രോഗബാധിതരായി അവശേഷിച്ച മൂന്ന് മിഥുനുകളിൽ നിന്നുള്ള വൈറസ്സുകൾ മറ്റു മൃഗങ്ങളിലേയ്ക്ക് പകരാതിരിക്കുവാൻ 5-7-2007-ന് അവയെ ദയാവധത്തിനു വിധേയമാക്കിയ തുൾപ്പെടെ ഈ വർഷം 15 കൃഷ്ണമൃഗങ്ങളും 7 മിഥുനുകളും മരണപ്പെട്ടി ട്ടുണ്ട്. മണ്ണുത്തി വെറ്ററിനറി കോളേജിൽനിന്നും വിദഗ്ദ്ധ ഡോക്ടർമാരുടെ ഒരു സംഘം പരിശോധന നടത്തി നൽകിയ ശുപാർശ പ്രകാരം മൃഗശാല യിലെ രോഗബാധിത പ്രദേശങ്ങളിൽനിന്നും രോഗാണുക്കൾ സന്ദർശകരുടെ പാദരക്ഷകൾ, വസ്ത്രങ്ങൾ എന്നിവയിലൂടെ പുറത്തേയ്ക്ക്

പോയിപുറത്തുള്ള മൃഗങ്ങളിൽ രോഗം വ്യാപിക്കാതിരിക്കുന്നതിന് മൃഗശാല 8-7-2007-ൽ അടച്ചിടുകയും മൃഗശാലയിലെ എല്ലാ ഭാഗങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരിച്ച് അണുനാശിനി വിതറുന്ന ജോലികൾ പി.ഡബ്ള്യു.ഡി. മുഖേന നഗരസഭയുടെ സജീവപങ്കാളിത്ത ത്തോടുകൂടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. മൃഗശാലയിലെ മറ്റു മൃഗങ്ങളെ രോഗബാധയുണ്ടായ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽനിന്നും കഴിയാവുന്നിടത്തോളം അകലെയാക്കി സൂക്ഷിച്ചു വരുന്നു. രോഗബാധിതരായ മൃഗങ്ങളെ പരിചരിക്കുവാൻ 4-7-2007 മുതൽ പ്രത്യേകം സൂക്ഷിപ്പുകാരെ നിയോഗിക്കുകയും അവരെ മറ്റുള്ള മൃഗങ്ങളു മായി ഒരു രീതിയിലും ബന്ധപ്പെടുത്താതെ ശ്രദ്ധിക്കുകയും ചെയ്തുവരുന്നു. മൃഗശാലയിൽവരുന്ന സന്ദർശകരിലൂടെയോ അസുഖമുള്ള മൃഗങ്ങൾ ഉള്ള സ്ഥലത്തുകൂടെ വരുന്ന കാറ്റിലൂടെയോ അണുബാധയുള്ള ആഹാര പദാർത്ഥങ്ങളിലൂടെയോ മൃഗശാലയിൽ സ്വതന്ത്രമായി വിഹരിക്കുന്ന പക്ഷി മൃഗാദികളിലൂടെയോ (കാക്ക, കീരി, പ്രാവ്), മൃഗശാലയിൽ വരുന്ന വാഹന ങ്ങളിലൂടെയോ രോഗബാധ ഉണ്ടായതായി അനുമാനിക്കുന്നതിനാൽ ഇവ തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം മൃഗശാലയിലെ സന്ദർശകർക്ക് ഫുട് ഡിപ്പിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ടെന്നും ധനകാര്യ വകുപ്പുമായി ആലോചിച്ച് യൂണിഫോം ഏർപ്പെടുത്തുന്നതിന് ഗവണ്മെന്റിന് മടിയില്ലെന്നും മന്ത്രി വ്യക്തമാക്കി. മൃഗങ്ങൾക്ക് കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടത്താ ത്തതാണ് രോഗബാധയ്ക്കു കാരണമെന്ന റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ട്. ബാംഗ്ളൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ്, സതേൺ റീജീയണൽ ഡീസിസ് ഡയഗ്നോ

സ്റ്റിക്ക് ലബോറട്ടറി എന്നിവയിലെ രണ്ട് പേരുടെ നേതൃത്വത്തിൽ 8 പേരടങ്ങുന്ന വിദഗ്ദ്ധ സംഘത്തെക്കൊണ്ട് രോഗബാധയുടെ കാരണത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. കുളമ്പ് രോഗത്തിനെതിരായി വന്യമൃഗങ്ങളിൽ പ്രയോഗിക്കാവുന്ന യാതൊരു വിധ പ്രതിരോധ കുത്തിവയ്പും നിലവിലില്ല എന്നാണ് അവരുടെ അഭിപ്രായം. Stain 'O' എന്ന വൈറസ്സാണ് കുളമ്പുരോഗം പരത്തുന്നത്. കേരളത്തിലെ മറ്റ് ജില്ലകളിലേയ്ക്കും കുളമ്പുരോഗം വ്യാപിച്ചിട്ടുണ്ടെന്നു ശ്രദ്ധയിൽപ്പെട്ടയുടൻതന്നെ വിദഗ്ദ്ധ സംഘത്തെ അയച്ച് അവയുടെ സിറം കളക്ട് ചെയ്ത് യു.പി.യിലെ ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരിക്കുകയാണെന്നും അതിനുള്ള ലാബ് കേരളത്തിൽ ഇല്ലാത്തതിനാൽ അടിയന്തിരമായി ഒരു ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരികയാണെന്നും സംഭ്രമം ഉണ്ടാക്കുന്ന രീതിയിൽ ഒരിടത്തും കുളമ്പുരോഗം ഉണ്ടായിട്ടില്ല എന്നും ഒരുപചോദ്യത്തിനുത്തരമായി ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അറിയിച്ചു ഭാവിയിൽ ഇതുപോലുള്ള പ്രശ്നം വരാതിരിക്കാൻവേണ്ട പ്രതിരോധ നടപടികൾ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ട്. മൃഗശാലയിലെ ജീവനക്കാരുടെ കുറവുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ഓരോ മൃഗങ്ങളുടേയും ശേഷിയും താൽപ്പര്യവും അനുസരിച്ചും അണുബാധയില്ലാത്തതും ശുചിത്വമുള്ളതുമായ ഭക്ഷണമാണ് നൽകുന്നത്. മൃഗശാല നവീകരിക്കുന്നതിനായി കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിവരികയാണ്. . തിരുവനന്തപുരം മൃഗശാ

ലയ്ക്കും മ്യൂസിയത്തിനുംകൂടിയുള്ള 56 ഏക്കർ ഭൂമിയിൽ 40 ഏക്കറിലാണ് മൃഗശാല പ്രവർത്തിക്കുന്നത്. ഇവിടെയുള്ള മൃഗശാലയുടെ സ്ഥലപരിമിതി കണക്കിലെടുത്ത് ഇതിനൊരനുബന്ധംപോലെ കൂടുതൽ വിസ്തൃതമായ സ്ഥലം കണ്ടെത്തി അവിടേയ്ക്ക് മാറ്റാവുന്ന മൃഗങ്ങളെ മാറ്റുന്നതാണ് തൃശൂർ മൃഗശാലയുടെ സ്ഥലസൗകര്യക്കുറവ് കണക്കിലെടുത്ത് റവന്യൂ വകുപ്പുമന്ത്രിയുടെ സഹകരണത്തോടുകൂടി അനുയോജ്യമായ സ്ഥലം കണ്ടെത്തി. അന്താരാഷ്ട്രനിലവാരത്തിലുള്ള മൃഗശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. മൃഗങ്ങളുടെ ആരോഗ്യപരിപാലന കാര്യത്തിലും അതിഥികളായെത്തുന്ന കുഞ്ഞുമൃഗങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിലും ഗവണ്മെന്റ് വേണ്ട ശ്രദ്ധ പതിപ്പിക്കുന്നതാണ്. ആധുനിക അണുവിമുക്ത ക്രമീകരണങ്ങളെക്കുറിച്ച് പഠിച്ച് കേരളത്തിലെ മൃഗശാല കളിലും അവ നടപ്പാക്കാൻ ഗവണ്മെന്റ് സന്നദ്ധമാണെന്ന് ഉപചോദ്യത്തിനു ത്തരമായി മന്ത്രി വ്യക്തമാക്കി.

160 (*692) ശബരിമലയിൽ സ്ത്രീകളുടെ പ്രവേശനം

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പത്ത് വയസ്സിനും അൻപത് വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകുന്ന കാര്യം പരിഗണനയിലു ണ്ടെന്ന് സഭയെ അറിയിച്ചു. ഏതെങ്കിലും ഒരു വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് ക്ഷേത്രപ്രവേശനവും ആരാധനയും നിഷേധിക്കുന്നത് ഉചിതമല്ല എന്ന് സർക്കാർ കരുതുന്നതിനാൽ ഹിന്ദുമതത്തിൽപ്പെട്ട സ്ത്രീകളായ എല്ലാ ഈശ്വരവിശ്വാസികൾക്കും പ്രായഭേദമെന്യേ ശബരിമ ലയിൽ പ്രവേശനം നൽകണമെന്നതാണ് സർക്കാരിന്റെ അഭിപ്രായം.

എന്നാൽ ശബരിമലയിൽ വളരെക്കാലമായി തുടർന്നുവരുന്ന ഒരു ആചാ രമാണ്. പ്രായഭേദമെന്യേ സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശിച്ച് ആരാധന നടത്താമോ എന്നത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ഹിന്ദു മതത്തെക്കുറിച്ച് ആധികാരികമായി അറിവുള്ള പണ്ഡിതന്മാരും പ്രശസ്തരും അഴിമതിരഹിതരുമായ സാമൂഹ്യപരിഷ്ക്കർത്താക്കളും ഉൾപ്പെട്ട അനുയോജ്യമായ ഒരു കമ്മീഷനെ നിയോഗിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയോട് സർക്കാർ സത്യവാങ്മൂലത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള ന്യായമായ അഭിപ്രായം കാലത്തിനനുസരിച്ച് അറിയിക്കണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിനെ അറിയിച്ചിട്ടുണ്ട്. ആചാരങ്ങൾ കാലാനുസൃതമായി മാറി ക്കൊണ്ടിരിക്കുകയാണ്. ശബരിമലയിലെ പരിസര ശുചീകരണത്തിനുള്ള നടപടികൾ ദേവസ്വംബോർഡ് എടുത്തുകൊണ്ടിരിക്കുകയാണ്. ശബരിമല യിൽ ദർശനം നടത്തുന്നതിൽ സ്ത്രീകൾക്കുള്ള വിലക്ക് മാറ്റിത്തരണമെന്നാ വശ്യപ്പെട്ടുകൊണ്ട് പല വനിതാ സംഘടനകളും വനിതാ അഭിഭാഷകരും നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ടെന്നും സ്ത്രീകൾക്ക് മുമ്പുണ്ടായിരുന്ന അവകാശം പുന:സ്ഥാപിക്കണമെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായമെന്നും ഉപചോദ്യങ്ങൾക്കുത്തരമായി മന്ത്രി വ്യക്തമാക്കി.

161 (*693) <u>ഓപ്പൺ യൂണിവേഴ്സിറ്റി</u>

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പേർക്ക് വിദ്യാഭ്യാസ ത്തിനുള്ള അവസരം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയി ലുണ്ടെന്ന് സഭയെ അറിയിച്ചു. ഇതു സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച

റിപ്പോർട്ടുകൾ പരിശോധിച്ചുവരികയാണ്. ലഭ്യമായ കണക്കുകൾ പ്രകാരം 2006-07 വർഷത്തിൽ 68790 വിദ്യാർത്ഥികൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇതുകൂടാതെ വിദൂര പഠനകേന്ദ്രത്തിൽ 25850 വിദ്യാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതുസംബന്ധിച്ചും നടത്തേണ്ട കോഴ്സുകളെ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുന്ന കാര്യത്തിൽ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം തേടിയിരിക്കുകയാണ്. അവരുടെ അഭിപ്രായം ലഭിച്ചശേഷം ധനകാര്യ വകുപ്പിന്റെകൂടി സഹകരണത്തോടെ ആ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. ഓപ്പൺ യൂണിവേഴ്സിറ്റിയും വിദൂര പഠനകേന്ദ്രവും മറ്റ് സർവ്വകലാശാലകളും നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് തുല്യപരിഗണനയാണ് നൽകിവരുന്നത്. സർവ്വകലാശാല ചട്ടങ്ങൾ സാധ്യമായ തരത്തിൽ ഏകോപിപ്പിക്കുന്ന കാര്യം ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം ആരാഞ്ഞശേഷം പരിഗണിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ അറിവോടുകൂടി വിദേശ സർവ്വകലാശാലകൾ കേരളത്തിൽ പ്രവർത്തിക്കുന്നതായി അറിവില്ലെന്നും എന്നാൽ കേരള സർവ്വകലാശാലയുടെ വിദൂര പഠന കേന്ദ്രങ്ങൾ രണ്ട് ഗൾഫ് രാജ്യങ്ങളിൽ പ്രവർത്തിക്കുന്നുണ്ടെന്നും മന്ത്രി വെളിപ്പെടുത്തി. സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസരംഗത്ത് വിദേശ സർവ്വകലാശാലകളുടെ പ്രത്യക്ഷനിക്ഷേപം അംഗീകരിക്കുന്നില്ല. എന്നാൽ അക്കാഡമിക് തലത്തിലുള്ള കൊടുക്കൽ വാങ്ങലുകൾക്കുള്ള അവസരവും സ്വാതന്ത്ര്യവും നൽകുന്നതാണ്. യു.പി.എസ്.സി.യുടേയും കെ.പി.എസ്.സി.യുടേയും അംഗീകാരം കേരളത്തിൽ പുതുതായി ആരംഭിക്കാൻ പോകുന്ന ഓപ്പൺ യൂണിവേഴ്സിറ്റികളിലെ കോഴ്സുകൾക്ക് നേടിയെടുക്കാൻ ആവശ്യമായ

എല്ലാ പ്രവർത്തനങ്ങളും ഗവണ്മെന്റ് നടത്തുന്നതാണ്. ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുക എന്ന ആശയം സംസ്ഥാന ഗവണ്മെന്റിന്റെ മുഖ്യ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അത് എത്രയും വേഗം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

162 (*696) സൂപ്പർ കോ-ഓപ്പറേറ്റീവ് ആശുപത്രി

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സഹകരണ നവരത്നം പദ്ധതിയിൻകീഴിൽ ഒരു ജില്ലയിൽ ചുരുങ്ങിയത് രണ്ട് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും ഒരു താലൂക്കിൽ ഇടത്തരം സൗകര്യങ്ങളുള്ള ഒരു ആശുപത്രിയും സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതിന് അനുവാദം നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്നറിയിച്ചു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സൂപ്പർ കോ-ഓപ്പറേറ്റീവ് ആശുപത്രികൾ സ്ഥാപിക്കാനും പഞ്ചായത്ത് താലൂക്ക് ആസ്ഥാനങ്ങളിൽ സഹകരണ മേഖലയിൽ ആശുപത്രികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പ്രൈമറി ഹെൽത്ത് സെന്ററുകളിലും താലൂക്ക്/ജില്ലാ ആശുപത്രികളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് സഹകരണ ക്ളിനിക്കൽ ലബോറട്ടറി സ്ഥാപിച്ച് രക്തപരിശോധന, ഇ.സി.ജി., എക്സ്റേ, സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ ചുരുങ്ങിയ ചെലവിലും ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും നടത്തുന്നതാണ്.

163 (*708) <u>റവന്യൂ റിക്കവറി ഉത്തരവുകൾ</u>

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റവന്യൂ റിക്കവറി സംബന്ധിച്ച ഉത്തരവുകൾ നടപ്പിലാക്കുന്നതിന് ജില്ലാ കളക്ടറേറ്റുകളിൽ ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ടെന്നറിയിച്ചു. സംസ്ഥാനത്തൊട്ടാകെ വിവിധ കളക്ടറേറ്റുകളിലായി 278635 റവന്യൂ റിക്കവറി ഉത്തരവുകൾ നിലവിലുണ്ട്. കോടതികൾ, അപ്പലേറ്റ് അതോറിറ്റികൾ എന്നിവ നൽകുന്ന സ്റ്റേ ഉത്തരവുകളും അപ്പലേറ്റ് അതോറിറ്റികൾ തീരുമാനങ്ങളെടുക്കുന്നതിലെ കാലതാമസവും ജപ്തി വസ്തുക്കളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ വിലനിർണ്ണയം പി.ഡബ്ള്യൂ.ഡി. അധികൃതർ നടത്തുന്നതിനുള്ള കാലതാമസവും റവന്യൂ റിക്കവറി പ്രവർത്തനങ്ങൾക്ക് മതിയായ വാഹനങ്ങളുടെ അഭാവവും റവന്യൂ റിക്കവറിക്കുള്ള അഭ്യർത്ഥനകൾ നൽകിയശേഷം റിക്കവറി നടപടികളിൽ ടി അർത്ഥനാധികാരികളുടെ ഇടപെടലുകളും റവന്യൂ റിക്കവറി നടത്തുന്നതിന് തടസ്സമുണ്ടാക്കുന്നുണ്ട്. ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ കേരള റവന്യൂ റിക്കവറി ആക്ടിലെ 69, 71, 72, 81, 83 എന്നീ വകുപ്പുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

164 (*711) <u>ഭൂപരിഷ്ക്കരണ നിയമം</u>

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ വിവിധ താലൂക്ക് ലാന്റ് ബോർഡുകളിൽ മിച്ചഭൂമി തീരുമാനിക്കുന്നതിനായി 1612 കേസ്സുകളും 17 ലാന്റ് ട്രൈബ്യൂണലുകളിലായി 29941 കുടികിടപ്പു ടെനൻസി കേസ്സുകളും നിലവിലുണ്ടെന്നറിയിച്ചു. മിച്ചഭൂമി കേസ്സുകളിൽ കാലവിളംബമുണ്ടാകാതിരിക്കാൻ ഫലപ്രദമായ നടപടികൾ

സ്വീകരിക്കുകയും എല്ലാ ലാന്റ് ട്രിബ്യൂണലുകൾക്കും കേസ്സുകൾ തീർപ്പാക്കുന്നതിന് ടാർജറ്റ് നിശ്ചയിച്ച് നൽകുകയും ലക്ഷ്യം കൈവരിക്കാൻ കർശന നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

165 (*715) <u>സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തി</u>

സഹകരണവും കയറും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടേയും വായ്പാ സഹകരണസംഘങ്ങളുടേയും നിലവിലുള്ള നിഷ്ക്രിയ ആസ്തി 2640.56 കോടി രൂപയാണെന്നും ആകെ 1724 സഹകരണ സംഘങ്ങളാണ് ഈ ഗണത്തിൽ ഉൾപ്പെടുന്നതെന്നുമറിയിച്ചു. ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡ് പുനർവായ്പ അനുവദിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി നിലവാരമാണ് മാനദണ്ഡമായി കണക്കാക്കുന്നത്. സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഈ ഗവണ്മെന്റ് അധികാരത്തിൽ വരുമ്പോൾ 28% അധികരിച്ചതുകാരണം ആകെ അനുവദിക്കേണ്ട പുനർവായ്പ 40%-ൽ നിന്നും 35% ആയി കുറഞ്ഞു. ഇപ്രകാരം നബാർഡിൽ നിന്നും ലഭിക്കുന്ന ഹ്രസ്വകാല കാർഷിക വായ്പയിൽ 5% കുറവ് വന്നിട്ടുണ്ട്. സഹകരണ നിവാരണം പരിപാടിയുടെ കീഴിൽ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് എല്ലാ വർഷവും ഫെബ്രുവരി മാസം കുടിശ്ശിക നിവാരണ മാസമായി ആചരിക്കുന്നതിലൂടെ 20%-ന് മുകളിൽ കുടിശ്ശികയുള്ള സംഘങ്ങളുടെ കുടിശ്ശിക 20%-ന് താഴെയാക്കാനും 'സഹകരണ നവരത്നം കേരളീയം' എന്ന പേരിൽ പ്രഖ്യാപിച്ച ഒൻപതിന പരിപാടിയിൽ 'കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം' എന്ന പദ്ധതിയിൽപ്പെടുത്തി കുടിശ്ശിക കുറയ്ക്കുന്നതിന് പുറമെ ഓരോ

സംഘത്തിന്റേയും ദൈനംദിന പ്രവർത്തനത്തിലും കുടിശ്ശിക നിവാരണ പ്രവർത്തനം ഉൾപ്പെടുത്തുകയും ചെയ്യുന്നതാണ്.

166 (*720) റീസർവ്വേ അപാകതകൾ

റവന്യൂ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, റീസർവ്വേയിൽ ഉണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് റീസർവ്വേ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ അതു സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് ഒരു മാസത്തെ സർവ്വെ അദാലത്തുകൾ നടത്തുന്നുണ്ടെന്നും സർവ്വേ അദാലത്തുകളിൽ പരാതികൾ നൽകാൻ കഴിയാത്തവർക്ക് അതാത് ജില്ലകളിലെ ജില്ലാസർവ്വേ സൂപ്രണ്ടുമാർക്ക് പരാതി നൽകി പരിഹാരം കാണാവുന്നതാണെന്നും അറിയിച്ചു. ജനകീയ പങ്കാളിത്തത്തോടുകൂടി അടുത്ത മൂന്ന് വർഷത്തിനുള്ളിൽ റീസർവ്വേ പൂർത്തിയാക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പദ്ധതിയനുസരിച്ചുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

228 (5073) റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ് നടത്തുന്ന ഇൻസർവ്വീസ് കോഴ്സ്

സർവ്വീസിലുള്ള അദ്ധ്യാപകരിൽ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷ്, ബാംഗ്ളൂരിന്റെ PGDELT യോ നാല് മാസത്തെ ഇൻസർവ്വീസ് കോഴ്സോ പാസ്സായവർക്ക് ഇംഗ്ളീഷിൽ മാസ്റ്റർ ബിരുദവും ഏതെങ്കിലും വിഷയത്തിൽ BEd-ഉം ഉണ്ടെങ്കിൽ ഹയർ സെക്കന്ററി ഇംഗ്ളീഷ് അദ്ധ്യാപക നിയമനത്തിനുള്ള യോഗ്യതയായി പരിഗണിക്കുവാൻ കരിക്കുലം കമ്മിറ്റി ശുപാർശ ചെയ്യുകയും ഇതിനായി സ്പെഷ്യൽ റൂൾസ് ഭേദഗതിക്ക് ഹയർ സെക്കന്ററി ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും

ചെയ്തിട്ടുണ്ട്. ലഭ്യമായ ഭേദഗതി നിർദ്ദേശങ്ങളെല്ലാം ക്രോഡീകരിച്ചുകൊണ്ട് ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് ഭേദഗതിയുടെ കരട് വിജ്ഞാപനം സർക്കാരിന് സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

229. (5078) <u>പാഠ്യപദ്ധതി ചട്ടക്കൂട് 2007</u>

സേവന പൂർവ്വ അദ്ധ്യാപക വിദ്യാഭ്യാസം ലഭിക്കാത്ത സർവ്വീസിലുള്ള ഹിന്ദി, അറബി, ഉർദു, സംസ്കൃതം എന്നീ ഭാഷാദ്ധ്യാപകർക്ക് സേവനകാല പരിശീലനം നൽകുക, ടി.ടി.സി. മാതൃകയിലുള്ള രണ്ട് വർഷത്തെ അദ്ധ്യാപക പരിശീന കോഴ്സ് നടപ്പാക്കുക, ഗവണ്മെന്റ് അംഗീകൃത കോഴ്സുകളായ ശിക്ഷാവിശാരദ്, ശിക്ഷാശാസ്ത്രി എന്നീ കോഴ്സുകളുടെ പാഠ്യ പദ്ധതി കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അദ്ധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതിയുമായി യോജിക്കുന്നതാണെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് അറബി, ഉർദു, സംസ്കൃത പഠനത്തിന്റെ പുരോഗമനത്തിനുവേണ്ടി പാഠ്യപദ്ധതി ചട്ടക്കൂട് 2007 അനുശാസിക്കുന്ന ശുപാർശകൾ. പ്രസ്തുത ചട്ടക്കൂടനുസരിച്ച് എൽ.പി. തലത്തിൽ മാതൃഭാഷയ്ക്കും നിലവിലുള്ള രൂപത്തിൽ അറബിഭാഷയ്ക്കും പുറമെ ഇംഗ്ളീഷ് ഭാഷയും ശുപാർശ ചെയ്യുന്നു. യു.പി, സെക്കന്ററി തലങ്ങളിൽ ഇംഗ്ളീഷ്, ഹിന്ദി എന്നീ ഭാഷകൾക്കുപുറമെ മലയാളം, തമിഴ്, കന്നഡ, അറബിക്, ഉർദു, സംസ്കൃതം എന്നീ ഭാഷകളിൽ ഏതെങ്കിലും ഒന്ന് പഠിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അറബി/ഉർദു/സംസ്കൃതം ഒന്നാം ഭാഷയായി പഠിക്കുന്ന കുട്ടികൾ മാതൃഭാഷയിൽ പ്രാവീണ്യം നേടേണ്ടതും ഹയർ സെക്കന്ററി തലത്തിൽ മലയാളം, തമിഴ്, കന്നഡ, ഇംഗ്ളീഷ്, ഹിന്ദി, അറബിക്, ഉർദു, സംസ്കൃതം,

ജർമ്മൻ, ലാറ്റിൻ, റഷ്യൻ, ഫ്രഞ്ച്, സിറിയക്, എന്നീ ഭാഷകളിൽ ഏതെങ്കിലും ഒന്ന് നിർബന്ധമായി പഠിക്കണമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. സ്കൂൾ പഠന സമയം സംബന്ധിച്ച് പ്രസ്തുത ചട്ടക്കൂടിൽ താഴെപ്പറയുന്ന ശുപാർശകളിന്മേൽ ചർച്ചകൾക്കുശേഷം തീരുമാനമെടുക്കാവുന്നതാണ്:

പ്രാദേശിക സാധ്യതകൾ കണക്കിലെടുത്ത് സ്കൂൾ പഠനസമയം ക്രമീകരിക്കുക,

സ്കൂൾ പഠന സമയം രാവിലെ 8 മണിക്ക് ആരംഭിക്കുക,

പാഠ്യപദ്ധതി വിനിമയ സമയം 5 മണിക്കൂറും ബാക്കി സമയം തുടർസമയത്തിനുമായി ക്രമീകരിക്കുക,

നിലവിലുള്ള 45 മിനിറ്റിനു പകരം ഒരു മണിക്കൂർ പിര്യേഡായി പുന:ക്രമീകരിക്കുക,

230 (5085) <u>സ്കൂളുകളിലെ പശ്ചാത്തല സൗകര്യങ്ങൾക്കുള്ള ഫണ്ട്</u>

ഗവണ്മെന്റ് ഹയർസെക്കന്ററി സ്കൂളുകളുടെ ലാബ്, ലൈബ്രറി, ക്ളാസ്മുറി എന്നിവ പണിയുന്നതിന് പണത്തിന്റെ ലഭ്യതയനുസരിച്ച് ജില്ലാ പഞ്ചായത്തുകൾക്ക് ഗവണ്മെന്റ് ഫണ്ട് അനുവദിച്ചുവരുന്നു. നബാർഡിന്റെ സഹായത്തോടെയുള്ള ഹയർ സെക്കന്ററി സ്കൂളുകളുടെ വികസനത്തിനുവേണ്ടി (ആർ.ഐ.ഡി.എഫ്.) 2007-08 വർഷത്തേയ്ക്ക് വകയിരുത്തിയ 1500 ലക്ഷം രൂപ നബാർഡിന്റെ സഹായമുള്ള തുടർപദ്ധതികൾക്കും വിനിയോഗിക്കാവുന്നതാണ്.

231 (5094) <u>2008-2009 അദ്ധ്യയനവർഷം മാറ്റം വരുത്തുന്ന പാഠപുസ്തകങ്ങൾ</u>

2008-09 അദ്ധ്യയനവർഷം സംസ്ഥാനത്തെ 1, 3, 5, 7, 9, 11 ക്ളാസ്സുകളിലെ എല്ലാ പാഠപുസ്തകങ്ങളും മാറ്റുന്നതിന് ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്. സർക്കാർ പ്രസ്സുകളിലും, അർദ്ധസർക്കാർ

സ്ഥാപനങ്ങളായ കേരളാ ബുക്ക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റി, കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്റർ എന്നിവിടങ്ങളിൽ അച്ചടിക്കുന്ന പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കുന്നതിന് ചെറിയ കാലതാമസം വരുന്നുണ്ട്. കേരളാ ബൂക്ക്സ് ആന്റ് പബ്ളിക്കേഷൻസ് സൊസൈറ്റിയിൽ നിന്നും കൃത്യസമയത്ത് അച്ചടി പൂർത്തിയാക്കി ലഭിക്കാത്ത 1, 2, 3, 7, 8 എന്നീ ക്ളാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും ജൂലായ് 30-നകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

232 (5100) <u>എൽ.എസ്.എസ്., യു.എസ്.എസ് പരീക്ഷാ വിജയികൾക്കുള്ള സ്കോളർഷിപ്പ്</u>

കഴിഞ്ഞ അദ്ധ്യയനവർഷം എൽ.എസ്.എസ്. വിജയികളായ 4180 കുട്ടികൾക്ക് 100 രൂപ വീതവും യു.എസ്.എസ്. വിജയികളായ 4320 കുട്ടികൾക്ക് 150 രൂപ വീതവും സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

233 (5115<u>) സ്കൂളുകളിൽ ഉച്ചക്കഞ്ഞി</u>

കഴിഞ്ഞ സാമ്പത്തികവർഷം സംസ്ഥാനത്തെ സ്കൂളുകളിലെ 2682644 കുട്ടികൾക്ക് ഉച്ചഭക്ഷണ വിതരണത്തിനായി 125 കോടിരൂപ ചെലഴിച്ചിട്ടുണ്ട്. സ്കൂളുകളിലെ ഉച്ചഭക്ഷണം കൂടുതൽ പോഷകസമൃദ്ധമാക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിച്ചുവരുന്നു.

234 (5153) <u>സാക്ഷരതാ പ്രസ്ഥാനം</u>

സംസ്ഥാനത്ത് സാക്ഷരതാ പ്രസ്ഥാനത്തിന് ഊർജ്ജം പകരുന്നതിനായി തടവുകാർക്കുവേണ്ടിയുള്ള സാക്ഷരതാ പരിപാടി, സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി, അട്ടപ്പാടിയിൽ ഏരിയ ഡെവലപ്മെന്റ് സൈസൈറ്റിയുമായി സഹകരിച്ച് പരിസ്ഥിതി സാക്ഷരതാ

പരിപാടി, വയനാട് ജില്ലയ്ക്ക് വേണ്ടി അക്ഷരദീപം പരിപാടി എന്നിവ നടപ്പാക്കിവരുന്നു. തുടർപഠനം നടത്താതെ നവസാക്ഷരർ നിരക്ഷരരാകുന്നത് തടയുന്നതിനായി തുടർപഠന പരിപാടികളും തൊഴിൽ പരിശീലന പരിപാടികളും ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

235 (5155) <u>അവശകലാകാരന്മാർക്കുള്ള പെൻഷൻ</u>

സംസ്ഥാനത്തെ 1348 അവശകലാകാരന്മാർക്ക് സാംസ്ക്കാരിക വകുപ്പ് പെൻഷൻ നൽകുന്നുണ്ട്. പ്രസ്തുത പെൻഷൻ തുക 550 രൂപയായി വർദ്ധിപ്പിക്കുന്നതിന് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട്.

236 (5156) <u>ഗ്രന്ഥശാലകളുടെ എണ്ണം</u>

സംസ്ഥാനത്ത് 6,819 അംഗീകൃത ഗ്രന്ഥശാലകൾ ഉണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഗ്രന്ഥശാലയുടേയും ലൈബ്രേറിയന്മാരുടേയും ഗ്രാന്റ് വർദ്ധിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

237 (5166) <u>ചരിത്ര സ്മാരകങ്ങൾ</u>

സംസ്ഥാനത്ത് നിലവിലുള്ള 131 ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം, ടൂറിസം വകുപ്പിന്റെ ധനസഹായം, കേന്ദ്ര സർക്കാരിന്റെ 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം എന്നിവ മുഖേന സാമ്പത്തിക സഹായം നൽകുന്നു.

238 (5241) <u>സംയോജിത സഹകരണ വികസന പദ്ധതി</u>

സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകൾ/സംഘങ്ങൾ, വിപണന സംഘങ്ങൾ, കൺസ്യൂമർ സംഘങ്ങൾ, സ്കൂൾ/കോളേജ് സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ

സഹകരണ സംഘങ്ങൾ, വനിതാ സംഘങ്ങൾ, ക്ഷീര സംഘങ്ങൾ, കയർ, കൈത്തറി സഹകരണ സംഘങ്ങൾ തുടങ്ങിയവയെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദേശീയ സഹകരണ വികസന കോർപ്പറേഷനും സംസ്ഥാന സർക്കാരും സംയുക്തമായി വിശദമായ പഠനം നടത്തിയതിനുശേഷം ഓരോ ജില്ലയിലും സമയബന്ധിതമായിട്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.